പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4772** **27.06.2014 ലെ മറുപടിയ്ക്ക്**

**കൊടുങ്കാറ്റിൽ നാശനഷ്ടം സംഭവിച്ച കൃഷിക്കാർക്ക് സാമ്പത്തിക സഹായം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കാസർഗോഡ് ജില്ലയിൽ 26.04.2013-ന് ഹോസ്ദുർഗ് താലൂക്കിലും കാഞ്ഞങ്ങാട്, നീലേശ്വരം മുനിസിപ്പാലിറ്റികളിലും വീശിയടിച്ച കൊടുങ്കാറ്റിൽ നാശനഷ്ടം സംഭവിച്ച കൃഷിക്കാർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; | **(എ)** | ഇല്ല. |
| **(ബി)** 28.04.2013-ന് ദുരന്തബാധിത പ്രദേശങ്ങൾ കണ്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ദുരന്തനിവാരണ സ്പെഷ്യൽ പാക്കേജ് അനുവദിക്കുന്നതിനായി ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറോട് നിർദ്ദേശം സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ;<br>**(സി)** പ്രസ്തുത പാക്കേജിന് അനുമതി നൽകിയിട്ടുണ്ടോ;<br>**(ഡി)** ഇല്ലെങ്കിൽ പ്രസ്തുത പാക്കേജ് ഇപ്പോൾ ആരുടെ പരിഗണനയിലാണുള്ളത്; ഇതിന് അനുമതി ലഭിക്കാൻ സാധ്യതയുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | **(ബി), (സി) & (ഡി)** | 26.04.13 ന് കാസർഗോഡ് ജില്ലയിൽ വീശിയടിച്ച ചുഴലിക്കൊടുങ്കാറ്റ് മൂലം മടിക്കൈ, കിനാനൂർ-കരിന്തളം, പനത്തടി, ബളാൽ, തൃക്കരിപ്പൂർ, ചെറുവത്തൂർ, കയ്യൂർ-ചീമേനി, കള്ളാർ, പടന്ന, കോടോംബേളൂർ, ഈസ്റ്റ് എളേരി, വലിയപറമ്പ, പുല്ലൂർ-പെരിയ, പീലിക്കോട് എന്നീ 14 പഞ്ചായത്തുകളിൽ നാശം സംഭവിച്ച വാഴ, തെങ്ങ്, റബ്ബർ, കമുക്, കുരുമുളക്, കശുമാവ് എന്നീ വിളകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് 1139.084 ലക്ഷം രൂപയുടെ സ്പെഷ്യൽ പാക്കേജ് അനുവദിക്കണമെന്ന് കൃഷി ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. പ്രകൃതിദുരന്തങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശങ്ങൾക്ക് 12.09.12 ലെ ജി.ഒ. (എംഎസ്.) നം.343/2012/ഡിഎംഡി ഉത്തരവിലെ ഖണ്ഡിക (5) പ്രകാരം സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് ധനസഹായം അനുവദിക്കുന്നുണ്ടെന്നും കൂടുതൽ കേന്ദ്ര സഹായത്തിന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ ആയത് ലഭിച്ചാലും ടി ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി മാത്രമേ ധനസഹായം അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്നും ആയത് അപര്യാപ്തമാണെന്ന് കാണുന്ന പക്ഷം നഷ്ടപരിഹാര പാക്കേജ് അനുവദിക്കുന്നതിന് കൃഷി വകുപ്പിന് നേരിട്ട് നടപടികൾ സ്വീകരിക്കാവുന്നതാണെന്നും റവന്യൂ വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പാക്കേജ് അനുവദിക്കുന്നതിനുള്ള ഫണ്ട് എപ്രകാരം കണ്ടെത്തുമെന്ന് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ